II. ശ്രദ്ധക്ഷണിക്കൽ

(1) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസ സൗകര്യം നഷ്ടപ്പെടുന്ന സാഹചര്യങ്ങൾ

[9.30 a.m.]

ശ്രീ. എ.കെ. ബാലൻ : സർ, സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠനം നടത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് യഥാസമയം ലഭിക്കേണ്ട സ്റ്റൈപന്റ്, ലംപ്സംഗ്രാന്റ്, സ്കോളർഷിപ്പ്, ഹോസ്റ്റൽ ചാർജ് തുടങ്ങിയവ ലഭിക്കുന്നില്ല. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്ക് നാളിതുവരെ ലഭിച്ച എല്ലാ ആനുകൂല്യങ്ങളും ലംപ്സംഗ്രാന്റ് ഒഴികെ നിർത്തിവച്ചിരിക്കുകയാണ്. എഞ്ചിനീയറിംഗ് കോളേജ് പോളീടെക്നിക്, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ പ്രോജക്ട് അലവൻസും, ഇൻസ്ട്രുമെന്റ് അലവൻസും മറ്റ് ആനുകൂല്യങ്ങളും നിർത്തലാക്കിയിരിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അടിസ്ഥാന വർഗ്ഗത്തിൽനിന്നും വരുന്ന വിദ്യാർത്ഥികൾ പഠനം നിർത്തിപോകുന്ന സ്ഥിതിവിശേഷമാണ് ഉണ്ടായിട്ടുള്ളത്. ഗുരുതരമായ സ്ഥിതിവിശേഷമാണ് കേരളത്തിൽ ഇപ്പോൾ കാണാൻ കഴിയുന്നത്. കഴിഞ്ഞ മൂന്നുവർഷംകൊണ്ടുമാത്രം ഉദ്യോഗസ്ഥതലത്തിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട അർഹതപ്പെട്ട പതിനായിരത്തോളം തസ്തികകളാണ് നിഷേധിക്കപ്പെട്ടിരിക്കുന്നത്. നഴ്സറി, ബാലവാടി, പ്രീ-മെട്രിക്/പോസ്റ്റ് മെട്രിക് വിഭാഗം എന്നിവിടങ്ങളിൽ ഓരോ വർഷം കഴിയുന്തോറും വിദ്യാർത്ഥികളുടെ എണ്ണം കുറയുകയാണ്. ഉദ്യോഗസ്ഥ തലത്തിലും എണ്ണം കുറയുകയാണ്. വിദ്യാഭ്യാസ ആനുകൂല്യങ്ങളും സംവരണ ആനുകൂല്യങ്ങളുമാണ് പാവപ്പെട്ടവരെ വിദ്യാഭ്യാസ രംഗത്തേയ്ക്കും ഭരണ രംഗത്തേയ്ക്കും ആകർഷിച്ചത്. അതെല്ലാം അസ്തമിക്കുന്നു. 1957 മുതൽ ഈ അടിസ്ഥാന വിഭാഗത്തിനുലഭിച്ച ഭൂരിപക്ഷം ആനുകൂല്യങ്ങളും ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് നിഷ്ക്കരുണം വേണ്ടെന്ന് വച്ചിരിക്കുകയാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എസ്.എസ്.എൽ.സി. വരെയുള്ള വിദ്യാർത്ഥികൾക്ക് ഇപ്പോൾ ലംപ്സംഗ്രാന്റ് കൊടുക്കുന്നുണ്ട്. എന്നാൽ പോസ്റ്റ് മെട്രിക്കിൽ പ്ളസ് ടു മുതൽ ഉന്നത വിദ്യാഭ്യാസത്തിന് പഠിക്കുന്ന ഒറ്റ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥിക്കുപോലും യാതൊരു ആനുകൂല്യവും നൽകേണ്ടതില്ല എന്ന് സർക്കാർ എസ്.സി./എസ്.റ്റി. ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തുകഴിഞ്ഞു. ആ ഗവൺമെന്റ് ഓർഡറിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. 12-3-2004-ന് ശ്രീ. സുകുമാരൻ, അണ്ടർ സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറിക്കുവേണ്ടി അയച്ച കത്തിൽ ലംപ്സംഗ്രാന്റ് ഒഴികെ മറ്റ് ഒരു ആനുകൂല്യവും ഇനി മുതൽ ഈ ഡിപ്പാർട്ടുമെന്റ് കൊടുക്കുവാൻ പാടില്ലായെന്ന് പറഞ്ഞിരിക്കുന്നു. എന്ത് അധികാരമാണ് ഈ ഉദ്യോഗസ്ഥനെ ഈ രൂപത്തിൽ ഒരു ഉത്തരവ് കൊടുക്കുവാൻ നിർബന്ധിതനാക്കിയത്? ഗവൺമെന്റിന്റെ തീരുമാനമുണ്ടോ? വകുപ്പുമന്ത്രിയുടെ തീരുമാനമുണ്ടോ? വകുപ്പുമന്ത്രിതന്നെ ഇടപെട്ട് ഇത് സ്റ്റേ ചെയ്തു. ചില സ്ഥാപനങ്ങളിൽ നൽകിവരുന്ന ആനുകൂല്യങ്ങൾ നിർത്തിവയ്ക്കുവാൻ ചീഫ് സെക്രട്ടറിതലത്തിലെ യോഗതീരുമാനപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പു

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറി ഡയറക്ടർമാർക്ക് നിർദ്ദേശം നൽകി. ശ്രീ. വി. ചെന്താമരാക്ഷൻ, ശ്രീ. കെ. രാധാകൃഷ്ണൻ, ശ്രീ. കെ.വി. കുഞ്ഞിരാമൻ തുടങ്ങിയവർ നൽകിയിട്ടുള്ള അൺസ്റ്റാർഡ് ക്വസ്റ്റ്യന്റെ ഉത്തരത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇന്ന് പറഞ്ഞിട്ടുള്ളത്, "എന്നാൽ ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യം നിർത്തൽ ചെയ്തതുവഴി വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസം പ്രതിസന്ധിയിലായി; നിരവധി പരാതികൾ ലഭിച്ചതിനെതുടർന്ന് ഡയറക്ടറുടെ മേൽപ്പറഞ്ഞ നിർദ്ദേശം മന്ത്രിയെന്ന നിലയിൽ ഞാൻതന്നെ സ്റ്റേ ചെയ്തു" എന്നാണ്. സ്റ്റേ ചെയ്തുവെന്ന് മാത്രമേയുള്ളൂ. ആനുകൂല്യങ്ങൾ ഇതുവരെ കൊടുത്തിട്ടില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ എഞ്ചിനീയറിംഗ് കോളേജ്, പോളിടെക്നിക്കുകൾ, ഹൈസ്ക്കൂളുകൾ എന്നീ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കംപോണന്റ് പ്ലാൻ, ട്രൈബൽ സബ് പ്ലാൻ എന്നീ സ്കീമുകൾ പ്രകാരം നിരവധി ആനുകൂല്യങ്ങളാണ് ലഭിച്ചുകൊണ്ടിരുന്നത്. വിദ്യാർത്ഥികൾക്ക് കാൽക്കുലേറ്റർ വാങ്ങുന്നതിന് 500 രൂപ, ഇൻസ്ട്രുമെന്റ്സ് വാങ്ങുന്നതിന് 500 രൂപ, അവസാനവർഷ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് 2500 രൂപ പ്രോജക്ട് അലവൻസ് എന്നിവയൊക്കെ കൊടുത്തിരുന്നു. ഈ 2500 രൂപ കിട്ടുന്ന പാവപ്പെട്ട പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ പഠനം തുടങ്ങിയതും പഠനം പൂർത്തീകരിച്ചതും ഈ ആനുകൂല്യത്തിന്റെ ഭാഗമായിട്ടാണ്. ഈ രീതിയിലുള്ള ആനുകൂല്യം കൊടുക്കലിന്റെ ഭാഗമായിട്ടാണ് പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളിൽനിന്ന് ഡോക്ടർമാരും എഞ്ചിനീയർമാരും വക്കീലന്മാരുമുണ്ടായത്. ഈ സമീപനമാണ് ഈ ഗവൺമെന്റ് കാട്ടുന്നതെങ്കിൽ കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽനിന്നും ഒരു എഞ്ചിനീയറോ ഒരു വക്കീലോ (ഒരു പ്രൊഫഷണലും) ഉണ്ടാകില്ല. ബഹുമാനപ്പെട്ട കുമാരൻ എം.എൽ.എ.യുടെ കാസർകോഡ് ജില്ലയിൽ എം. നാരായണൻ എന്ന എസ്.റ്റി. വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട വിദ്യാർത്ഥി പഠിച്ചുവളർന്ന് പൈലറ്റ് ട്രെയിനിംഗിന് സെലക്ഷൻ കിട്ടി. രണ്ടുകൊല്ലമായി ആ വിദ്യാർത്ഥിക്ക് ധനസഹായം കൊടുക്കുന്നില്ല. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ സമിതിയിൽ അദ്ദേഹത്തിന്റെ പരാതിവന്നു. അദ്ദേഹം പഠനംനിർത്തി. ഇപ്പോൾ ഹോട്ടലിൽ കച്ചവടവുമായി നടക്കുകയാണ്. കുരുമുളക് മുതൽ എല്ലാത്തിനും വില കയറിയിരിക്കുന്നു. ഗവൺമെന്റ് അതിഗംഭീരമായി മുന്നോട്ടു പോകുന്നു എന്നല്ലേ പറയുന്നത്? ഈ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തെ സംബന്ധിച്ച് ഒരുവാക്ക് പറഞ്ഞോ? എന്റെ ചോദ്യം, നിഷേധിക്കപ്പെട്ട ഈ ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുമോ; ഇന്നലെവരെ കൊടുക്കുവാൻ ബാക്കിയുള്ളത് കൊടുക്കുമോ എന്നിവയാണ്. അടിസ്ഥാന വിഭാഗത്തിൽനിന്നും, പാവപ്പെട്ട സമുദായത്തിൽ ജീവിച്ച്, ഡോക്ടറായി, മന്ത്രിയായി വന്ന വകുപ്പുമന്ത്രിയുടെ മനസ്സിന്റെ ഉള്ളിന്റെയുള്ളിൽ ഈ വിഭാഗത്തോട് എന്തെങ്കിലും താല്പര്യമുണ്ടെങ്കിൽ "ഇനി ഞാൻ ഈ ആനുകൂല്യങ്ങൾ റദ്ദ് ചെയ്യില്ല, ഉള്ളതെല്ലാം പുനഃസ്ഥാപിക്കും" എന്ന് പറയണം. അതിനുള്ള ചങ്കൂറ്റം മന്ത്രി കാട്ടണം. വെട്ടിക്കുറച്ച ആനുകൂല്യങ്ങൾ പുനഃസ്ഥാപിക്കുവാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാണോയെന്നതാണ് ഈ കാളിംഗ് അറ്റൻഷനുമായി ബന്ധപ്പെട്ട് എന്റെ ആദ്യത്തെ ചോദ്യം. ഇതുകഴിഞ്ഞ് രണ്ടുമൂന്ന് ചോദ്യങ്ങൾകൂടെ വരാൻപോകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ): സർ, ബഹുമാനപ്പെട്ട അംഗത്തോട് ആദ്യം പറയട്ടെ പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഒരു ആനുകൂല്യവും ഈ വകുപ്പ് റദ്ദാക്കിയിട്ടില്ല. ഏപ്രിൽ, മേയ് മാസങ്ങളിലായി സംസ്ഥാനത്തെ എല്ലാ എസ്.സി./എസ്.റ്റി. കുട്ടികൾക്കും സ്റ്റൈപന്റും ലംപ്സംഗ്രാന്റും നൽകുവാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. കോളേജിലാകട്ടെ, നാല് മാസത്തെ സ്റ്റൈപന്റ് അഡ്വാൻസ് നൽകിയിട്ടുണ്ട്. ഇനി എവിടെയെങ്കിലും ഏതെങ്കിലും ഒറ്റപ്പെട്ട് കൊടുക്കാതെ പോയിട്ടുണ്ടെങ്കിൽ അതിന് അപേക്ഷ തരണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം തുക കൊടുത്തിട്ടുണ്ട്. ഏപ്രിൽ, മേയ് മാസങ്ങളിലെ കുടിശ്ശിക മുഴുവൻ കൊടുത്തു തീർത്തിട്ടുണ്ട്. ലംപ്സംഗ്രാന്റ് കൊടുത്തിട്ടുണ്ട്. ഒരാൾക്കും കിട്ടാതെയുണ്ടാവില്ല. കൃത്യമായ അപേക്ഷയാണ് കൊടുത്തതെങ്കിൽ ആനുകൂല്യം ലഭിച്ചിട്ടുണ്ടാകും. ഏപ്രിൽ മാസത്തിൽ പന്ത്രണ്ട് കോടി രൂപയാണ് കൊടുത്തത്. മേയ് മാസത്തിൽ പ്ളാനിലും നോൺ-പ്ളാനിലും കൂടി മുപ്പത്തിയെട്ടരക്കോടി രൂപ കൊടുത്തു. ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞ പ്രധാനപ്പെട്ട വിഷയം സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള ചില ആനുകൂല്യങ്ങൾ എടുത്തുകളഞ്ഞുവെന്നാണ്. ഈ വകുപ്പ് ചെയ്തുവരുന്ന കാര്യം പറയട്ടെ. എഞ്ചിനീയറിംഗ് കോളേജിൽ പഠിച്ച വിദ്യാർത്ഥികൾക്ക് പ്രതിവർഷം ലംപ്സംഗ്രാന്റ് ആയിരം രൂപ കൊടുക്കുന്നുണ്ട്. അതിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല. വാർഷിക ഫീസ് 7,720 രൂപയാണ്. അതിൽ മാറ്റം വരുത്തിയിട്ടില്ല. പോളീടെക്നിക്കിൽ ലംപ്സംഗ്രാന്റ് 375 രൂപയാണ്. ഒരുമാറ്റവും വരുത്തിയിട്ടില്ല. അവിടെ ഫീസ് പ്രതിവർഷം 2100 രൂപയാണ് ഒരു മാറ്റവും വരുത്തിയിട്ടില്ല. മെയിന്റനൻസ് ഗ്രാന്റ്, ഈ രണ്ടു കോഴ്സുകൾക്കും പഠിക്കുന്ന എസ്.സി./എസ്.ടി. കുട്ടികൾക്ക് പ്രതിമാസം 8 കിലോമീറ്ററിനകത്താണെങ്കിൽ 270 രൂപയും 8 കിലോമീറ്ററിന് പുറത്താണെങ്കിൽ 315 രൂപയും കൊടുക്കുന്നുണ്ട്. ഒരു മാറ്റവും വരുത്തിയിട്ടില്ല. അംഗീകൃത ഹോസ്റ്റലിലാണ് താമസമെങ്കിൽ മെസ് ചാർജ് എത്രയാണോ അത്രയും തുക കൊടുക്കുന്നുണ്ട്. ഒരു മാറ്റവും വരുത്തിയിട്ടില്ല. എഞ്ചിനീയറിംഗ് സ്റ്റുഡന്റ് സിനാണെങ്കിൽ പ്രതിമാസം 80 രൂപ പോക്കറ്റ് മണി കൊടുക്കുന്നുണ്ട്. മറ്റ് വിദ്യാർത്ഥികൾക്ക് 65 രൂപയാണ് പോക്കറ്റമണി കൊടുക്കുന്നത്. ടെക്നിക്കൽ ഹൈസ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 220 രൂപ ലംപ്സംഗ്രാന്റ് കൊടുക്കുന്നുണ്ട്. ഒരു മാറ്റവും വരുത്തിയിട്ടില്ല. ലംപ്സംഗ്രാന്റ് പഠനോപകരണങ്ങളും പുസ്തകങ്ങളും മറ്റും വാങ്ങുന്നതിനാണ് കൊടുത്തുകൊണ്ടിരിക്കുന്നത്. എന്നാൽ ബഹുമാനപ്പെട്ട അംഗം പറയുന്ന കാര്യം, ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പ് 2002-03 വർഷത്തിൽ പ്ളാനിംഗ് (സി) വകുപ്പിൽനിന്ന് 29-7-2002-ൽ ഇറക്കിയ ഉത്തരവ് പ്രകാരം എസ്.സി.എ. ഫണ്ടിൽനിന്ന് 55 ലക്ഷം രൂപ ഇൻഡസ്ട്രിയൽ എഡ്യൂക്കേഷൻ, ടെക്നിക്കൽ എഡ്യൂക്കേഷൻ എന്നീ കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും ട്രൈബൽ സബ് പ്ളാൻ ഫണ്ടിൽനിന്നും 19.50 ലക്ഷംരൂപ മെഡിക്കൽ എഡ്യൂക്കേഷൻ, ടെക്നിക്കൽ എഡ്യൂക്കേഷൻ, ഇൻഡസ്ട്രിയൽ എഡ്യൂക്കേഷൻ എന്നീ കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് കാൽക്കുലേറ്റർ ഡ്രോയിംഗ് ഇൻസ്ട്രുമെന്റ് സ് തുടങ്ങിയ പഠനോപകരണങ്ങൾ വാങ്ങുന്നതിന് അനുവദിച്ചു നൽകി.

LIBRARY ARCHIVES Kerala Legislative Assembly

സാങ്കേതിക വിദ്യാഭ്യാസവകുപ്പിൽ നിന്നും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഒരേ ആവശ്യത്തിനായി ഗ്രാന്റ് നൽകിയത് ഡ്യൂപ്ലിക്കേഷൻ ആയതിനാലും ഈ ആവശ്യത്തിനുവേണ്ടി ഈ വകുപ്പിൽ പ്രത്യേകമായ ബഡ്ജറ്റ് ഹെഡ്ഡ് വകയിരുത്തിയിട്ടില്ലാത്തതിനാലും എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പിൽ നിന്ന് പ്രത്യേക ആനുകൂല്യം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. ഈ വകുപ്പിൽ കൊടുത്തുകൊണ്ടിരുന്ന ആനുകൂല്യം റദ്ദാക്കിയിട്ടില്ല. ഇതു കൊടുക്കുന്നതിനായി പ്രത്യേക ബഡ്ജറ്റ് ഹെഡ്ഡ് ഇല്ല. മാത്രമല്ല, ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ തന്ന കത്തിലെ ഒരു വാചകം ഞാൻ വായിക്കാം. അദ്ദേഹം പറയുന്നു, "ഈ പ്രത്യേക ആനുകൂല്യങ്ങൾ നിർത്തലാക്കിയതുകൊണ്ട് ആയിരക്കണക്കിന് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാങ്കേതിക വിദ്യാഭ്യാസം നഷ്ടപ്പെട്ടു" എന്നാണ്. ഒരേ ആവശ്യത്തിന് രണ്ടു വകുപ്പിൽ നിന്ന് ആനുകൂല്യം നൽകുന്നത് ഉചിതമല്ലെന്ന് കണ്ടതിനാൽ ആനുകൂല്യങ്ങൾ എസ്.സി./എസ്.ടി. വകുപ്പിൽ മാത്രം ഒതുക്കിനിർത്തുകയാണ് ചെയ്തിട്ടുള്ളത്. അതല്ലാതെ ഈ വകുപ്പിൽ നിന്നുള്ള ഒരാനുകൂല്യവും നിർത്തലാക്കിയിട്ടില്ല. മറ്റൊരു കാര്യം, സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ഒരാനുകൂല്യവും നിർത്തലാക്കാൻ പറഞ്ഞിരുന്നില്ല. എന്നാൽ വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിലെ ചെലവ് വല്ലാതെ കൂടിക്കഴിഞ്ഞപ്പോൾ ചീഫ് സെക്രട്ടറി, ബന്ധപ്പെട്ട സെക്രട്ടറിമാരുടെ ഒരു യോഗം വിളിച്ചുകൂട്ടി. ചില സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് വ്യക്തമായി ഉത്തരവുകളില്ലാതെ ആനുകൂല്യം കൊടുത്തിരിക്കുന്നു എന്ന് കണ്ടെത്തി. ആ ആനുകൂല്യം കൊടുത്തത് അൺ-ആതറൈസ്ഡായിട്ടാണ്. ശരിയായ ഉത്തരവില്ല. നേരത്തേയുള്ള ഉത്തരവ്, ഗവൺമെന്റ് സ്വാശ്രയ കോളേജിൽ പഠിക്കുന്ന കുട്ടികൾക്ക് കൊടുക്കാൻ മാത്രമാണുള്ളത്. സ്വകാര്യ സ്വാശ്രയ കോളേജിൽ പഠിക്കുന്ന കുട്ടികൾക്ക് കൊടുക്കാൻ ഉത്തരവില്ലാത്തതുകൊണ്ട് അതു കൊടുക്കാൻ പാടില്ലെന്ന് ചീഫ്സെക്രട്ടറി വിളിച്ചുചേർത്ത ബന്ധപ്പെട്ട സെക്രട്ടറിമാരുടെ യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, വ്യക്തമായ ഉത്തരവുകളില്ലാതെ എസ്.സി./ എസ്.ടി. ഡയറക്ടർമാർക്ക് സ്വകാര്യ സ്വാശ്രയ കോളേജുകളിൽ പഠിക്കുന്നവർക്ക് കൊടുക്കുന്ന ആനുകൂല്യം നിർത്തിവയ്ക്കാൻ നിർദ്ദേശം കൊടുത്തു. അതനുസരിച്ച് ഡയറക്ടർ ഉത്തരവിറക്കി. അങ്ങു സൂചിപ്പിച്ചതുപോലെ ഇത് വിദ്യാർത്ഥികളുടെ ഇടയിൽ പ്രശ്നമുണ്ടാക്കി, സംഘർഷമുണ്ടാക്കി, സമരമുണ്ടായി. ഞാൻ ഇടപെട്ട് ആ ഉത്തരവ് സ്റ്റേ ചെയ്തു. . ആ ഉത്തരവ് സ്റ്റേ ചെയ്തെങ്കിൽപ്പോലും സ്വകാര്യ സ്വാശ്രയ കോളേജുകളിലെ എസ്.സി./എസ്.ടി. കുട്ടികൾക്ക് ആനുകൂല്യം കൊടുക്കാൻ വ്യക്തമായ ഉത്തരവില്ലായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഒരു പ്രസ്താവനയിൽ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെറിറ്റ് സീറ്റുകളിൽ പ്രവേശനം ലഭിച്ച പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകിവരുന്ന ഫീസ് ആനുകൂല്യം നിലനിർത്തണമെന്നാവശ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ക്യാബിനറ്റിൽ സമർപ്പിച്ചു, ക്യാബിനറ്റ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 15-4-2004-ൽ ഉത്തരവിറക്കി. ഉത്തരവിൽ പറയുന്നപ്രകാരം എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ പരിധിയിൽ വരുന്ന സ്വകാര്യ സ്വാശ്രയ കോളേജുകളിൽ മെറിറ്റ്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സീറ്റിൽ അഡ്മിഷൻ കിട്ടി പഠിച്ചുകൊണ്ടിരിക്കുന്നവർക്കും വിദ്യാഭ്യാസ ആനുകൂല്യം നൽകാൻ തീരുമാനമായി. പക്ഷേ എൻട്രൻസ് പരീക്ഷാ കമ്മീഷണർ മെറിറ്റ് സീറ്റിൽ മാത്രമല്ല, പേമെന്റ് സീറ്റിലും എസ്.സി./എസ്.ടി./ഒ.ഇ.സി. വിഭാഗക്കാരെ അഡ്രസ് ചെയ്തതായി കണ്ടെത്തി. മെറിറ്റ് സീറ്റിലും പേമെന്റ് സീറ്റിലും ഫീസിളവ് ഒരുപോലയാണ്. വ്യത്യാസമില്ല. അതുകൊണ്ട് പേമെന്റ് സീറ്റിലും എസ്.സി/എസ്.ടി./ ഒ.ഇ.സി. കുട്ടികൾ കടന്നുകൂടി. മാത്രമല്ല, എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ പരിധിക്ക് പുറത്തും സ്വാശ്രയ സ്ഥാപനങ്ങളുണ്ട്. അവിടേയും കുട്ടികൾക്ക് അഡ്മിഷൻ കിട്ടിയിരിക്കുന്നു. ഈ രണ്ടു വിഭാഗം കുട്ടികൾക്കും, പേമെന്റ് സീറ്റിൽ കയറിയവർക്കും എൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ പരിധിക്ക് പുറത്തുള്ള സ്ഥാപനങ്ങളിലുള്ള കുട്ടികൾക്കും ആനുകൂല്യം കൊടുക്കാൻ കഴിയാതെവന്നു. ഈ സാഹചര്യം പരിഗണിച്ചുകൊണ്ട് മന്ത്രിസഭ ഒരു ഉപസമിതിയെ ഇക്കാര്യം വിശദമായി പരിശോധിക്കാൻ ചുമതലപ്പെടുത്തി. ആ മന്ത്രിസഭാ ഉപസമിതി യോഗം ചേർന്ന് കൃാബിനറ്റിന് ശുപാർശ നൽകി. അതായത്, ഇപ്പോൾ സ്വാശ്രയ സ്വകാര്യ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന എല്ലാ കുട്ടികൾക്കും ആനുകൂല്യം കൊടുക്കാൻ 2-6-2004-ൽ ചേർന്ന കൃാബിനറ്റ് തീരുമാനിച്ചു. ഉത്തരവ് ഉടനേ ഇറങ്ങുന്നതാണ്. പ്രശ്നം ഉണ്ടാകുകയില്ല എന്ന് കരുതാവുന്നതാണ്.

ശ്രീ. എ.കെ. ബാലൻ: സർ, ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ പറഞ്ഞത് ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥന്മാർ എഴുതിക്കൊടുത്ത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. യഥാർത്ഥത്തിൽ അതല്ല വസ്തുത. എസ്.സി./എസ്.ടി. ക്ഷേമസമിതി ചെയർമാൻ ശ്രീ. എ. കെ. മണി ഇവിടെ ഉണ്ട്. അദ്ദേഹത്തോട് ചോദിച്ചാൽ കാര്യങ്ങൾ അറിയാം. ക്ഷേമസമിതിയുടെ മുമ്പാകെ വന്നിട്ടുള്ള പ്രശ്നങ്ങളാണ്. കാസർകോട് ജില്ലയിലെ ശ്രീ. കുമാരന്റെ മണ്ഡലത്തിലെ എം. രാഘവൻ എസ്.സി./എസ്.ടി.-യിൽപ്പെട്ടയാളാണ്. ഞാൻ കോൺക്രീറ്റായിട്ടാണ് പറയുന്നത്.

മി. സ്പീക്കർ: അത് എഴുതിക്കൊടുക്കണം.

ശ്രീ. എ.കെ. ബാലൻ: അയാൾക്ക് പൈലറ്റ് ട്രെയിനിംഗ് കോഴ്സിന് selection കിട്ടി രണ്ടാമത്തെ വർഷം അദ്ദേഹം അത് ഒഴിവാക്കി. പോയില്ല.

മി. സ്പീക്കർ: അത് എഴുതിക്കൊടുക്കണം. എഴുതിക്കൊടുത്താൽ മന്ത്രി പരിശോധിക്കും. അല്ലെങ്കിൽ bring it before me.

ശ്രീ. എ.കെ. ബാലൻ: സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമിതിയുടെ മുമ്പാകെ തന്ന കത്തിൽ പറയുന്നത്...

മി.സ്പീക്കർ: No, No, Nothing. You can ask a question. I have given you enough time. Now you can ask a question.

ശ്രീ. എ.കെ. ബാലൻ: 1957 മുതൽ 2002-2003 വരെ കൊടുത്ത ആനുകൂല്യങ്ങൾ, 2003-04-ലാണ് റദ്ദ് ചെയ്തത്. 2002-03 വരെ കിട്ടിയ ആനുകൂല്യങ്ങൾ as such അത് പരിപൂർണ്ണമായി കൊടുക്കും, പുന:സ്ഥാപിക്കും എന്നു പറയാൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്ക് കഴിയുമോ?

ഡോ. എം. എ. കുട്ടപ്പൻ: സർ, ഒരേ ആവശ്യത്തിനുവേണ്ടി രണ്ടുവകുപ്പിൽ നിന്ന് ആനുകൂല്യങ്ങൾ നൽകി. പഠനോപകരണങ്ങളും പുസ്തകങ്ങളും വാങ്ങാൻ വേണ്ടിയാണ് പട്ടികജാതി-പട്ടികവർഗ്ഗ വികസനവകുപ്പും ടെക്നിക്കൽ എഡ്യൂക്കേഷൻ വകുപ്പും ആനുകൂല്യം കൊടുത്തുകൊണ്ടിരുന്നത്. ഇത് ഡ്യൂപ്ലിക്കേഷനാണ് ഇരട്ടിപ്പാണ് അതു കണ്ടുപിടിച്ചു. മറ്റൊന്ന്, പൈലറ്റ് ട്രെയിനിംഗിന് ഏഴിൽ ചില്ലാനം ലക്ഷം രൂപ വേണം. അതിന് ജനറൽ ഓർഡറില്ല.

മി. സ്പീക്കർ: കൊടുത്തുകൊണ്ടിരുന്നത് അതുപോലെ കൊടുക്കാൻ പറ്റില്ല. ഡ്യൂപ്ലിക്കേഷൻ ഉണ്ടെങ്കിൽ നിർത്തലാക്കണ്ടേ?

ഡോ. എം. എ. കുട്ടപ്പൻ: ജനറൽ ഓർഡർ ഇല്ല.

(2) കൈത്തറി മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. എൻ.ശക്തൻ: സർ, കൈത്തറി മേഖല നേരിടുന്ന നീറുന്ന പ്രശ്നങ്ങൾ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. രണ്ടര ലക്ഷത്തോളം തൊഴിലാളികളും പത്തു ലക്ഷത്തോളം വരുന്ന അവരുടെ കുടുംബാംഗങ്ങളും ഇന്ന് പട്ടിണിയിലാണ്. കഴിഞ്ഞ ഗവൺമെന്റ് 5 വർഷം കൊണ്ട് ചെയ്തതിനേക്കാൾ ധാരാളം നല്ല കാര്യങ്ങൾ ഈ ഗവൺമെന്റ് മൂന്നു വർഷം കൊണ്ട് ചെയ്തിട്ടുണ്ട്. എന്നാലും കൈത്തറി മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിന് കഴിഞ്ഞിട്ടില്ല. ഇന്ന് പ്രാഥമിക സംഘങ്ങളുടെ റിബേറ്റ് സെയിൽസ് നിർത്തലാക്കിയിരിക്കുകയാണ്. കേരളത്തിൽ കൈത്തറി തുണിത്തരങ്ങൾ വിറ്റഴിക്കുന്നത് റിബേറ്റ് കാലഘട്ടത്തിലാണ്. ഈ റിബേറ്റ് നിർത്തിയപ്പോൾ ഹാന്റ്ക്സിലും ഹാൻവീവിലും പ്രാഥമിക സംഘങ്ങളിലുമായി 150 കോടി രൂപയുടെ കൈത്തറി തുണികൾ ചെലവാകാതെ കെട്ടിക്കിടക്കുകയാണ്. തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നീ മൂന്നു സംസ്ഥാനങ്ങളിലും ഒരു വർഷം 365 ദിവസവും 20 ശതമാനം റിബേറ്റ് കൊടുത്ത് സെയിൽസ് നടത്തുന്നു. ഇതിനു പുറമേ അവരുടെ ഉൽസവകാലങ്ങളിൽ 20 ശതമാനം അധിക റിബേറ്റ് കൊടുക്കുന്നു. ആ കാലഘട്ടത്തിൽ 40 ശതമാനം റിബേറ്റ് കിട്ടുകയാണ്. ഇവിടെ കൈത്തറി ആവശ്യമുള്ള ആളുകൾ തൊട്ടടുത്ത സംസ്ഥാനങ്ങളിൽ പോയി 40 ശതമാനം റിബേറ്റിൽ വാങ്ങുന്നു. ഇപ്പോൾ മറ്റു സംസ്ഥാനങ്ങളിൽ വാങ്ങാൻ പോകേണ്ട. കിഴക്കേക്കോട്ടയിൽ കോ-ഓപ്ടെക്സ് ഷോറും ഉണ്ട്. അവിടെ നിന്ന് തുണി വാങ്ങിക്കുന്നതിനേക്കാൾ 40 ശതമാനം കൂടുതൽ വില കൊടുത്താൽ മാത്രമേ നമ്മുടെ ഷോറൂമിൽ നിന്ന് കിട്ടുകയുള്ളൂ. അതുകാരണം, ഈ മേഖല ഇന്ന് ആകെ പ്രതിസന്ധിയിലാണ്. ഒന്നും വിറ്റഴിയുന്നില്ല. ഇതു മാറണം. മാറണമെന്നുണ്ടെങ്കിൽ തീർച്ചയായും 20 ശതമാനം റിബേറ്റ് സ്ഥിരമായി കൊടുക്കണം. അല്ലെങ്കിൽ മുമ്പോട്ടു പോകാൻ കഴിയില്ല. റിബേറ്റ് കൊടുക്കാതിരിക്കുന്നതിന് കാരണമായി പ്രധാനമായും പറയുന്നത് ഈ മേഖലയിൽ വ്യാജ സംഘങ്ങൾ ഉണ്ട് എന്നാണ്. വ്യാജ സംഘങ്ങൾ ഉണ്ടെങ്കിൽ അതു കണ്ടുപിടിക്കണം. അവ നിർത്തലാക്കണം. യഥാർത്ഥത്തിൽ പ്രവർത്തിക്കുന്ന കൈത്തറി സംഘങ്ങൾക്ക് ആവശ്യമായ സഹായം നൽകണം. ഈ മേഖല പുനരുദ്ധരിക്കണം. അല്ലെങ്കിൽ രണ്ടര ലക്ഷത്തോളം തൊഴിലാളികളും അവരുടെ കുടുംബങ്ങളും പട്ടിണിയിലാകും. റിബേറ്റ് വെട്ടിക്കുറച്ചിരിക്കുകയാണ്. റിബേറ്റ്

LIBRARY ARCHIVES Kerala Legislative Assembly